## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4408** **22.07.2015 ന് മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഹൈബി ഈഡൻ:**<br>**,, കെ.മുരളീധരൻ:**<br>**,, കെ.ശിവദാസൻ നായർ:**<br>**,, എം.പി.വിൻസെന്റ് :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം ലഹരി വിരുദ്ധ പ്രവർത്തനങ്ങളാണ് ഊർജ്ജസ്വല മാക്കിയിട്ടുള്ള തെന്ന് വിശദമാക്കാമോ; | (എ) മദ്യ-ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തന ങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധ വത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കി വരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, അതുവഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതിപ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റുകളിലും, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങ ളിലെ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ- ശ്രവ്യ, അച്ചടി മാധ്യമങ്ങളി ലൂടെയുള്ള ബോധവൽക്കരണം, സംസ്ഥാനതല ത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പരിപാടികൾ. ഇതോടൊപ്പം തന്നെ ലഹരിയ്ക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി |

സംസ്ഥാനതലത്തിൽ 11 ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കെ.എസ്.ബി.സി.യുടെ തുക ഉപയോഗിച്ച് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ പുനർജനി -2030 നോടനുബന്ധിച്ച് കെ.എസ്.ബി.സി.യുടെ ഫണ്ട് ഉപയോഗിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് എന്ത് തുക അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വഴി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നം. | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 1,20,00,000 | 1,19,27,247 |
| 2 | 2012-13 | 90,00,000 | 89,41,085 |
| 3 | 2013-14 | 75,20,000 | 73,38,852 |
| 4 | 2014-15 | 60,00,000 | 60,00,000 |
| 5 | 2015-16 | 80,00,000 | 16,63,439 |
| | **ആകെ** | **4,25,20,000** | **3,58,70,623** |

(സി) ഏതെല്ലാം സംഘടനകളെ പ്രയോജനപ്പെടുത്തി ലഹരി വിരുദ്ധ ബോധവൽകരണം നടത്തുകയുണ്ടാകുമെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടേയും, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, എൻ.ജി.ഒ.കൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് ഇതിനുവേണ്ടി നടത്തിയതെന്ന് വിശദമാക്കുമോ?

(ഡി) മദ്യത്തിന്റെ ലഭ്യതകുറയ്ക്കുന്നതിനും, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ഉത്തരവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. ജി.ഒ.(എം.എസ്) നം.115/2011/നി.വ. തീയതി 29.08.2011 ഉത്തരവ് പ്രകാരം സ്കൂൾ തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിനായി തീരുമാനിച്ചു.
2. ജി.ഒ.(എം.എസ്) നം.157/2011/നി.വ. 02.11.2011 ഉത്തരവ് പ്രകാരം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഒരു ജോയിന്റ്

എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ചു.

3. ജി.ഒ.(പി) നം.17/2012/നി.വ തീയതി 14.02.2012 ഉത്തരവ് പ്രകാരം ഒരു വ്യക്തിക്ക് സൂക്ഷിക്കാവുന്ന മദ്യത്തിന്റെ അളവിൽ കുറവ് വരുത്തിക്കൊണ്ട് ചട്ടഭേദഗതി നടത്തി.
4. ജി.ഒ.(പി) നം.72/2012/നി.വ. തീയതി.18.04.2012 ഉത്തരവ് പ്രകാരം ബാറുകളുടെ സമയക്രമീകരണത്തിൽ മാറ്റം വരുത്തിക്കൊണ്ട് ചട്ടഭേദഗതി നടത്തി.
5. ജി.ഒ.(എം.എസ്) നം.147/2013/നി.വ. തീയതി 23.08.2013 ഉത്തരവ് പ്രകാരം ഡി-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.
6. ജി.ഒ.(എം.എസ്) നം.205/2013/നി.വ. തീയതി 09.12.2013 ഉത്തരവ് പ്രകാരം കോളേജ്തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കുന്നതിനായി തീരുമാനിച്ചു.
7. 13.02.2014 ലെ നം.5211/Leg.A2/2013/Law നമ്പർ ആക്ട് പ്രകാരം മദ്യം വാങ്ങുന്നതിനുള്ള പ്രായം 18-ൽ നിന്നും 21 വയസ്സാക്കി ചട്ട ഭേദഗതി നടത്തി വിജ്ഞാപനം പുറപ്പെടുവിച്ചു.
8. സ.ഉ(സാധാ) നം.498/2014/നി.വ. തീയതി. 27.06.2014 ഉത്തരവ് പ്രകാരം ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണം ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു.
9. പുനർജനി-2030 നോടനുബന്ധിച്ച് സുബോധം എന്ന പേരിൽ നടപ്പിലാക്കുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഉന്നതതല കമ്മിറ്റിയും പ്രവർത്തനലക്ഷ്യങ്ങൾക്കുള്ള വ്യവസ്ഥകളും രൂപീകരിച്ച് 27.04.2015 ലെ ജി.ഒ(എം.എസ്) നം.73/ 2015/ നി.വ. പ്രകാരം ഉത്തരവായി.

Raju.V

**സെക്ഷൻ ഓഫീസർ**